മേലെഴുത്ത് നം. ഭാരതീയ ചികിത്സാവകുപ്പ്

ഡി.ഐ.എസ്.എം/3256/2024-ഡി1 തിരുവനന്തപുരം, തീയതി : 12-03-2026

ആയുഷ് (എ) വകുപ്പിൽ നിന്നുള്ള 11.03.2026-ലെ സ.ഉ.(സാധാ) 141/2026/AYUSH നമ്പർ ഉത്തരവിന്റെ പകർപ്പ് അറിവിനും, തുടർ നടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ വിടുതൽ/ജോയിനിംഗ് വിവരങ്ങൾ സി.ടി.സി സഹിതം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഭാരതീയ ചികിത്സാ വകുപ്പ്

(1) ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, ഇടുക്കി/കാസർഗോഡ്.
(2) ഐ.ടി. ഡിവിഷൻ.
(3) കരുതൽ ഫയൽ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സലീം പി.ആർ-ന് ഇടുക്കി ജില്ലയിൽ നിലവിൽ ഒഴിവുള്ള ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.141/2026/AYUSH തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 06.02.2026 ലെ ഡി ഐഎസ് എം/3256/2024/ഡി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിലെ കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിക്കപ്പെട്ട ഡോ.സലീം പി.ആർ-ന്, സർവ്വീസിലിരിക്കെ ഗില്ലൻ ബാരെ സിൻഡ്രോം,അക്യൂട്ട് മോട്ടോർ ആക്സോണൽ ന്യൂറോപ്പതി എന്ന രോഗം ബാധിച്ച് 45% ശാരീരിക വൈകല്യം ബാധിച്ച ടിയാന്റെ അപേക്ഷ പരിഗണിച്ച് ഇടുക്കി ജില്ലയിൽ നിലവിലുള്ള ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് പരിഗണിച്ച് കൊണ്ട് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നതിന് പരാമർശിത കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സലീം പി.ആർ-ന് ഇടുക്കി ജില്ലയിൽ നിലവിൽ ഒഴിവുള്ള ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.സലീം പി.ആർ, ജില്ല മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പിഎസിന്